**പത്രക്കുറിപ്പ്**
**25.09.2018**

# സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാന്റീൻ നടത്താൻ കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാർ അനുമതി

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു കൈമാറ്റം ചെയ്യുന്ന ഓഫീസുകളിലും ടെൻഡർ നടപടികളില്ലാതെ കാന്റീൻ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാർ അനുമതി ലഭിച്ചു. വാർഷിക കരാർ അടിസ്ഥാനത്തിൽ കാന്റീൻ നടത്തുന്നതിനാണ് അനുമതി. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് (സ.ഉ.(സാധാ.)നമ്പർ. 2143/2018/ ത.സ്വ.ഭ തിരുവനന്തപുരം.തീയതി-3-8-2018 ) പുറപ്പെടുവിച്ചു.

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമെ, ഇവിടേക്ക് കൈമാറ്റം ചെയ്യുന്ന നിരവധി സ്ഥാപനങ്ങളുമുണ്ട്. പുതിയ ഉത്തരവ് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 1074 കാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾക്ക് ഏറെ പ്രയോജനകരമാകും. ഇതുപ്രകാരം നിലവിലുള്ള സംരംഭകർക്ക് പ്രാദേശികമായി തന്നെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ സംരംഭം ആരംഭിക്കാനുള്ള അവസകരമൊരുങ്ങുകയും അതുവഴി മികച്ച വരുമാനം നേടാനും കഴിയും.

പ്രഭാത ഭക്ഷണം, ഊണ്, ചായ, കാപ്പി, പലഹാരങ്ങൾ എന്നിങ്ങനെ സ്വാദിഷ്ടമുള്ള നാടൻ ഭക്ഷണ പദാർത്ഥങ്ങൾ മിതമായ നിരക്കിൽ ലഭിക്കുമെന്നതാണ് കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകളുടെ പ്രത്യേകത. ഇതോടൊപ്പം തദ്ദേശ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്ക് ഭക്ഷണമൊരുക്കുന്ന കരാറും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാൻ കഴിയും.

നിലവിൽ ഓരോ ജില്ലയിലും കളക്ട്രേറ്റുകൾ, ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പല പ്രമുഖ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന മേളകൾ, ദേശീയ സരസ് ഉൽപന്ന വിപണന മേളകൾ, ഇതരസംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന ഫെയറുകൾ, അന്താരാഷ്ട്ര വ്യാപാരോത്സവം എന്നിവിടങ്ങളിലെല്ലാം കുടുംബശ്രീ വനിതകൾ സ്വാദിഷ്ഠമായ ഭക്ഷണവിഭവങ്ങളുമായി പങ്കെടുക്കാറുണ്ട്. ഗുണനിലവാരമുള്ള ഭക്ഷണവും മികച്ച ആഥിതേയത്വവുമാണ് കുടുംബശ്രീ കാന്റീൻ കാറ്ററിങ്ങ് യൂണിറ്റുകളുടെ പ്രത്യേകത. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളോട് ചേർന്ന് കുടുംബശ്രീ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതോടെ ആറായിരത്തിലേറെ സ്ത്രീകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**